"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന് 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് അധിക ധനാനുമതിയായി അനുവദിച്ച തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.65/2026/AGRI തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:-

1. 30/05/2025 ലെ സ.ഉ(സാധാ) നം. 523/2025/കൃഷി.
2. 13/10/2025 ലെ സ.ഉ(സാധാ) നം. 971/2025/കൃഷി.
3. കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടറുടെ 19/12/2025 തീയതിയിലെ 32/IRTCBSF/2015 നമ്പർ കത്ത്.
4. 19/01/2026 ലെ സ.ഉ(സാധാ) നം. 526/2026/ധന.

**ഉത്തരവ്**

അന്തർദേശീയ കായൽ-കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ ശമ്പള ശമ്പളേതര ചെലവുകൾക്കായി 2415-01-004-88 ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷം പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 30 ലക്ഷം രൂപ വിതരണം ചെയ്യുന്നതിനും പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി അനുവദിച്ച 25 ലക്ഷം രൂപ വിതരണം ചെയ്യുന്നതിനും അനുമതി നൽകിയിരുന്നു.

2. അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിലെ ജീവനക്കാരുടെ ശമ്പളം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് പ്രതിമാസം ശരാശരി 6,72,871/- രൂപ ആവശ്യമുണ്ടെന്നും, നിലവിൽ അനുവദിച്ച തുക 2026 ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ജീവനക്കാരുടെ ശമ്പളം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് തികയാത്തതിനാൽ 25 ലക്ഷം രൂപ കൂടി 2415-01-004-88 Plan ശീർഷകത്തിൽ അനുവദിക്കണമെന്നും കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടർ സൂചന (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (4) ലെ സർക്കാർ ഉത്തരവ് പ്രകാരം കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന്

*2415-01-004-88 PV* ശീർഷകത്തിൽ 20 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തു.

4. കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ ശമ്പള ശമ്പളേതര ചെലവുകൾക്കായി 2415-01-004-88 PV ശീർഷകത്തിൽ പരാമർശം (4)-ലെ സർക്കാർ ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി അനുവദിച്ച 20 ലക്ഷം രൂപ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം, കുട്ടനാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (21/01/2026 തീയതിയിലെ 3263665/Agri-B1/400/2025-FIN നമ്പർ റിമാർക്സ് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 22-01-2026 12:35:34
സെക്ഷൻ ഓഫീസർ